പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 153 01.02.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ .ടി .സി. യാത്രക്കാരിൽ നിന്നുള്ള സെസ്സ് പിരിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ<br>" ചിറ്റയം ഗോപകുമാർ<br>" ഇ.കെ. വിജയൻ<br>" എൽദോ എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ടിക്കറ്റിന്റെ ഭാഗമായി യാത്രക്കാരിൽ നിന്ന് സെസ്സ് പിരിച്ചിരുന്നത് ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗപ്പെടുന്നത് എന്ന് അറിയിക്കുമോ; | (എ) യും (ബി) യും | യാത്രാവേളയിൽ ഉണ്ടായേക്കാവുന്ന ചെറുതും വലുതുമായ അപകടങ്ങളിൽപെടുന്ന യാത്രക്കാർക്ക് അടിയന്തിര ചികിത്സ ഏത് ആശുപത്രിയിലും നടത്തുന്നതിന്റെ മുഴവൻ ചെലവും നല്കുന്നതിനും കൂടാതെ യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്തുന്നതിനും, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ ഏർപ്പെടുത്തുന്നതിനും, ബാക്കി വരുന്ന തുക കെ.എസ്.ആർ.ടി.സി.യിൽ നിന്ന് വിരമിച്ചവർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ടി തുകയടക്കം എല്ലാ വരുമാനവും റവന്യൂ അക്കൗണ്ടിലാണ് ചേർത്തിരിക്കുന്നത്. കോർപ്പറേഷനിൽ പെൻഷൻ ഏർപ്പെടുത്തിയകാലം മുതൽ റവന്യൂ അക്കൗണ്ടിൽ നിന്നുമാണ് നൽകി വരുന്നത്. |
| (ബി) | പെൻഷൻ നല്കുന്നതിനായി പ്രസ്തുത തുക ഉപയോഗപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | കെ.എസ്.ആർ.ടി.സി. പെൻഷൻ നല്കുന്നതിനായി മറ്റ് ഏതൊക്കെ മേഖലകളിൽ നിന്ന് പൈസ സമാഹരിക്കാമെന്ന് ആലോചിച്ചി | (സി) | KSRTC യ്ക്ക് ഈ വർഷം 685 കോടി രൂപ പദ്ധതിയേതര വിഹിതമായി സർക്കാർ നൽകിയിട്ടുണ്ട്. പെൻഷൻ പദ്ധതി നടപ്പാക്കുന്ന ഘട്ടത്തിൽ ആകെ വേണ്ട തുകയുടെ |

| | | | |
|---|---|---|---|
| | ട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | പകുതി സർക്കാർ നൽകുമെന്നതായിരുന്ന വ്യവസ്ഥ. അതിനായി ആവശ്യമായ തുക മുഴുവൻ നൽകിയാലും കെ.എസ്.ആർ.ടി.സി യുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കഴിയുകയില്ല. പുനരുദ്ധരണ പദ്ധതിയുടെ ഭാഗമായി 3350 കോടി രൂപ കൺസോർഷ്യം ബാങ്കിൽ നിന്ന് വായ്പയായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 1000 കോടി രൂപ ഉടൻ ലഭ്യമാകും. ഇതിലൂടെ പ്രതിമാസം അറുപത് കോടി രൂപ KSRTC യുടെ വായ്പാ തിരിച്ചടവിൽ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്. പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതോടെ മാസം തോറും കുടിശ്ശികയില്ലാതെ KSRTC മുഖേന തന്നെ പെൻഷൻ നൽകുന്നത് ഉറപ്പുവരുത്താനാകും. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**